# ഫ്രണ്ട്സ് ലേഡീസ് ടൈലറിംഗ് ചാത്തമംഗലം, കോഴിക്കോട്

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം സി.ഡി.എസിനു കീഴിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ലേഡീസ് ടൈലറിംഗ് എന്ന സംരംഭം ചാത്തമംഗലം അങ്ങാടിയിലാണ് സ്ഥിതി ചെയ്യുന്നത്. 2014 ലാണ് ഈ സംരംഭം ആരംഭിച്ചത്. 5 അംഗങ്ങളാണ് യൂണിറ്റിലുള്ളത്. ചാത്തമംഗലം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 235000 രൂപ വായ്പയോടു കൂടിയാണ് സംരംഭം ആരംഭിച്ചത്. കുടുംബശ്രീയിൽ നിന്ന് ഇ.ഡി.പി, വൈദഗ്ദ്യ പരിശീലനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിനു പുറമേ 50000 രൂപ സബ്സിഡിയും കുടുംബശ്രീ മുഖേന ലഭിച്ചിട്ടുണ്ട്.3000 രൂപ വാടകയുള്ള കെട്ടിടത്തിലാണ് യൂണിറ്റ് ആദ്യം പ്രവർത്തിച്ചത്. ലോൺ തിരിച്ചടവും, കെട്ടിട വാടകയും ഒരുമിച്ചു കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ 1000 രൂപ വാടകയുള്ള കെട്ടിടത്തിലേക്ക് യൂണിറ്റ് മാറുകയും ചെയ്തു. പ്രതിദിനം 250 രൂപ ഓരോ അംഗങ്ങളും വരുമാനമായി ലഭിക്കുന്നുണ്ട്. തയ്യൽ ജോലിക്ക് പുറമേ തുണി വാങ്ങി നൈറ്റി തയ്യാറാക്കി വിൽക്കുന്നുമുണ്ട് ഈ സംരംഭക ഗ്രൂപ്പ്.

ഉൽസവ കാല സീസണുകളിൽ കൂടുതൽ വർക്ക് ഓർഡറുകൾ യൂണിറ്റിനു ലഭിക്കാറുണ്ട്. ഈ സീസണുകളിൽ അംഗങ്ങൾക്ക് കൂടുതൽ വരുമാനവും ലഭിക്കാറുണ്ട്. 5 തയ്യൽ മെഷീനുകൾ, കത്രിക,കട്ടിംഗ് ടേബിൾ, അയൺ ബോക്സ് എന്നിവ യൂണിറ്റിനു സ്വന്തമായുണ്ട്. ലോൺ തിരിച്ചടവ് കൃത്യമായി നടക്കുന്നുണ്ട്. മെഷീൻ മെയ്ന്റനൻസ് കോസ്റ്റ്,വൈദ്യുതി ചാർജ്ജ്,കെട്ടിട വാടക എന്നിവ യൂണിറ്റിന്റെ വരുമാനത്തിൽ നിന്ന് ചെലവഴിക്കുന്നു.

സുഹൈൽ ടി. കെ

എം.കെ.എസ്.പി. ബ്ലോക്ക് കോ ഓർഡിനേറ്റർ